റൗഡി ഉപദ്രവിച്ചു. അപ്പോൾ അവർ പോലീസ് സ്റ്റേഷനിൽ പരാതിപ്പെട്ടു. അന്തിക്കാട് പോലീസ് സ്റ്റേഷനിലുള്ള ഒരു റൗഡിയാണ് ഇയാൾ. ആ സ്ഥലത്തുള്ള ആളുകളൊക്കെ ഇയാളെ പേടിച്ചാണ് കഴിയുന്നത്, ഒരു സാധുവായ തേങ്ങാ വെട്ടുതൊഴിലാളി തേങ്ങവെട്ടിക്കൊണ്ടിരിക്കുന്ന അവസരത്തിൽ ഈ റൗഡി അയാളെ ആക്രമിച്ചിട്ടുണ്ട്. അതുപോലെതന്നെ സാധുവായ ഒരു കർഷകത്തൊഴിലാളിയേയും ആക്രമിച്ചിട്ടുണ്ട്. ഇങ്ങനെ ഇയാൾ ഈ പ്രദേശത്തു മുഴുവൻ ആക്രമണം നടത്തുകയാണ്. ഞാൻ എന്റെ വീട്ടിൽനിന്നും പോന്നതിനുശേഷം എന്റെ കുട്ടികളെയും മറ്റും ഉപദ്രവിക്കുമോ എന്നെനിക്കു ഭയമുണ്ട്. ആദ്യം പറഞ്ഞു അയാൾ ജനസംഘത്തിന്റെ ആളാണെന്ന്. പിന്നീട് പറഞ്ഞു ഇയാൾ കമ്മ്യൂണിസ്റ്റാണെന്ന്. ഏതായാലും ഇപ്പോൾ ഇയാൾ കാരണം ജീവിക്കാൻ നിവൃത്തിയില്ലാതിരിക്കുകയാണ്. ഇയാളുടെ അക്രമം അവസാനിപ്പിക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട സ്പീക്കും ഈ വകുപ്പ് കൈകാര്യം ചെയ്യുന്ന മന്ത്രിയും വേണ്ട നടപടികൾ കൈകൊള്ളണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. പ്രത്യേകിച്ച് പോലീസിനു വേണ്ട നിർദ്ദേശം കൊടുക്കണം. തീർച്ചയായിട്ടും ഇതിനു ഒരു പരിഹാരം ഉണ്ടാകണമെന്നു ഞാൻ അപേക്ഷിക്കുകയാണ്.

വനവും ഹരിജനക്ഷേമവും മന്ത്രി (ശ്രീ. എം. കെ. കൃഷ്ണൻ): സർ, ഈ കാര്യം ഇപ്പോൾ മാത്രമാണ് ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടത്. ഇതിന്റെ ഗൗരവം പരിഗണിച്ച് അടിയന്തിരമായ നടപടികൾ സ്വീകരിക്കുന്നതിനുവേണ്ട നിർദ്ദേശം കൊടുക്കുന്നതാണ്.

## 4. MESSAGE FROM THE PRESIDENT OF INDIA

മി. സ്പീക്കർ : ബഹുമാനപ്പെട്ട ഇൻഡ്യൻ പ്രസിഡൻറിൽ നിന്ന് ഈ സഭ പാസാക്കിയയച്ച പ്രമേയത്തിനു ഒരു മറുപടി കിട്ടിയിട്ടുണ്ട്. ഞാൻ അതു ഇവിടെ വായിക്കാം. "The President has asked me to thank you for your letter of August 29, 1969 and for the good wishes conveyed in the resolution passed by the Kerala Legislative Assembly, Trivandrum on August 21, 1969 and, on his election. He sends his best wishes to all of you."

## 5. ADJOURNMENT MOTION.

### (i) Strike of N. M. R. Workers

**Mr. Speaker:** ഇവിടെ രണ്ടു മൂന്നു അടിയന്തിരപ്രമേയങ്ങൾ കിട്ടിയിട്ടുണ്ട്. സംസ്ഥാനത്തെ എൻ. എം. ആർ. തൊഴിലാളികൾ പണിമുടക്കിയിരിക്കുന്നതുമൂലം സംജാതമായിരിക്കുന്ന ഗുരുതരാവസ്ഥയെക്കുറിച്ച് ചർച്ചചെയ്യാൻ ശ്രീ. ടി. കെ. രാമകൃഷ്ണൻ, ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ, ശ്രീ. സി. ഗോവിന്ദപ്പണിക്കർ എന്നിവർ നോട്ടീസ് നൽകിയിട്ടുണ്ട്. ഈ പ്രശ്നത്തെസംബന്ധിച്ചുതന്നെ ശ്രീ. ആർ. എസ്. ഉണ്ണിയും റൂൾ 61 അനുസരിച്ച് ഒരു നോട്ടീസ് തന്നിട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രിക്ക് അതിനെക്കുറിച്ച് മറുപടി പറയാം.

മരാമത്തുമന്ത്രി (ശ്രീ. ടി. കെ. ദിവാകരൻ): സർ, കഴിഞ്ഞമാസം 1-ാം തീയതിമുതൽ സംസ്ഥാനത്തെ എൻ. എം. ആർ. തൊഴിലാളികൾ, പ്രത്യേകിച്ച് പി.ഡബ്ലു.ഡി. ആൻഡ് ബിൽഡിംഗ്സിലുള്ള എൻ. എം. ആർ. തൊഴിലാളികൾ പണിമുടക്കിൽ ഏർപ്പെട്ടിരിക്കുകയാണ്. അവർ പണിമുടക്കുന്നതിനുമുൻപായി ചില അടിയന്തിരാവശ്യങ്ങൾ ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. അവർ മുന്നോട്ടുവച്ചിട്ടുള്ള അവകാശവാദങ്ങൾ മറ്റു പല ഡിപ്പാർട്ടുമെന്റിലുള്ള തൊഴിലാളികളേയും വ്യവസായികരംഗത്തുള്ള തൊഴിലാളികളെയും ബാധിക്കുന്നതും ദൂരവ്യാപകമായ ഫലങ്ങൾ ഉൾക്കൊള്ളുന്നവയുമാണ്.

LIBRARY ARCHIVES Kerala Legislative Assembly